# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3996 — 27.06.2012 - ൽ മറുപടിക്ക്

## പൈപ്പ് ലൈനുകളിലെ ജല ചോർച്ച

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വി. റ്റി. ബൽറാം | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ള പൈപ്പുകളിലെ ജല ചോർച്ച തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (എ) കുടിവെള്ള പൈപ്പുകളിലെ ജല ച്ചോർച്ച തടയുന്നതിന്റെ ഭാഗമായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 2011-12 ബജറ്റിൽ 65 കോടി രൂപയും 2012-13-ൽ 85 കോടി രൂപയും നീക്കി വെച്ചിട്ടുണ്ട്. |
| (ബി) ഇതിനായി നിലവിലുള്ള പൈപ്പുകൾക്ക് പകരം അത്യന്താധുനിക പൈപ്പുകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) നിലവിലുള്ള പൈപ്പുകൾക്ക് പകരം അത്യന്താധുനിക പൈപ്പുകളായ ഡി.ഐ (ഡക്റ്റയിൽ അയൺ) പൈപ്പുകൾ, എം.എസ്. പൈപ്പുകൾ, സിമന്റ് ലൈനിങ്ങോടു കൂടിയ എം.എസ്. പൈപ്പുകൾ എന്നിവയും സ്ഥാപിക്കാറുണ്ട്. |
| (സി) ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ? | (സി) നിലവിലുള്ള പൈപ്പുകൾക്ക് പകരം അത്യന്താധുനിക പൈപ്പുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്നത്, അതിന്റെ പഴക്കം, നിലവിലെ പ്രവർത്തനക്ഷമത, അറ്റകുറ്റപ്പണികളുടെ ആധിക്യം എന്നിവ കണക്കിലെടുത്താണ്. കൂടാതെ ജല ചോർച്ച പരിഹരിക്കുന്നതിനുള്ള സമഗ്രമായ പദ്ധതി തയ്യാറാക്കുവാൻ ഉള്ള പഠനം എ.ആർ.ഡബ്ല്യു മാനേജ്മെന്റ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ